## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6467 — 09. 07. 2014 ൽ മറുപടിക്ക്

### വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. എസ്. സലീഖ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) | |
| (എ) & (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കാനായി കേന്ദ്ര-സംസ്ഥാന സർക്കാർ/ അർദ്ധസർക്കാർ/പൊതുമേഖല എന്നിങ്ങനെ എത്ര സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ചിട്ടുണ്ട്<br><br>ഇവയിൽ കുടിശ്ശിക അടച്ച് സർവ്വീസ് പുനഃസ്ഥാപിച്ച സ്ഥാപനങ്ങൾ ഏതെല്ലാം ; ഇതു വഴി എന്തു തുക കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാൻ സാധിച്ചു;വിശദാംശം വ്യക്തമാക്കുമോ ; | (എ) & (ബി) | എച്ച്.റ്റി, ഇ.എച്ച്.റ്റി വിഭാഗത്തിൽ കേരള വാട്ടർ അതോറിറ്റി, വിവിധ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികൾ, വിവിധ പൊതുമേഖലാ സംരംഭങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് വൈദ്യുതി ചാർജ്ജ് പിരിഞ്ഞു കിട്ടാനുണ്ട്. പൊതുജനങ്ങൾക്കും, കുടിശ്ശിക വരുത്തിയ പൊതു മേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങളുടെയും അതിലുപരി സർക്കാരിന്റെ പൊതുവിലുള്ള നയത്തേയും കണക്കിലെടുത്ത് മാത്രമെ ഇത്തരം സ്ഥാപനങ്ങളിലെ വൈദ്യുതി ബന്ധം വിച്ഛേദിക്കാറുള്ളൂ. കേരള വാട്ടർ അതോറിറ്റി കുടിശ്ശിക ഇനത്തിൽ 40 കോടി രൂപ ജൂൺ 2013-ൽ അടച്ചു. 31.03.2014-ലെ കണക്ക് പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഏകദേശം 898 കോടി രൂപ കുടിശ്ശികയായി ലഭിക്കാനുണ്ട്.<br><br>എൽ.റ്റി വിഭാഗത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കാനായി 29 സർക്കാർ സ്ഥാപനങ്ങളുടെയും 21 അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും 5 പൊതുമേഖലാ സ്ഥാപനങ്ങളുടെയും വൈദ്യുതിബന്ധം വിച്ഛേദിച്ചിട്ടുണ്ട്.<br><br>ഇവയിൽ വൈക്കം പോലീസ് സ്റ്റേഷൻ |

| | | | |
|---|---|---|---|
| | | | ക്വാർട്ടേഴ്സ്, ഏറ്റുമാനൂർ പോലീസ് സ്റ്റേഷൻ ക്വാർട്ടേഴ്സ്, കടുത്തുരുത്തി പോലീസ് സ്റ്റേഷൻ ക്വാർട്ടേഴ്സ്, നീണ്ടൂർ പഞ്ചായത്ത് ഓഫീസ്, വെള്ളൂർ.പെരുവ പഞ്ചായത്ത്, നീഴൂർ പഞ്ചായത്ത്, ചിറയിൻകീഴ് റെയിൽവേ ഗേറ്റ് എന്നിവയും ഒറ്റപ്പാലത്തെ അഗ്രികൾച്ചർ, ഇറിഗേഷൻ, മുനിസിപ്പാലിറ്റി, താലൂക്ക്, സർവേ എന്നീ സ്ഥാപനങ്ങളും ഫറോക്കിലെ പി.ഡബ്ല്യു.ഡി. സ്ഥാപനങ്ങളും ഏറണാകുളത്തെ ജോയിന്റ് രജിസ്ട്രാർ കോഓപ്പറേറ്റീവ് സൊസൈറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, ഡിസ്ട്രിക്ട് ട്രഷറി, എൻ.എച്ച്.ഡിവിഷൻ എന്നീ സ്ഥാപനങ്ങളും ദേശമംഗലം വില്ലേജ് ഓഫീസ്, കുന്നംകുളം മുനിസിപ്പാലിറ്റി, കരട്ടിശ്ശേരി വില്ലേജ് ഓഫീസ് എന്നിവയും കുടിശ്ശിക അടച്ച് സർവീസ് പുനസ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി കുടിശ്ശികയിനത്തിൽ 4,30,326/- രൂപ പിരിച്ചെടുക്കാൻ സാധിച്ചു. |
| (സി ) | കുടിശ്ശിക അടയ്ക്കാത്ത ഏതെല്ലാം കേന്ദ്ര -സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളുടെ പേരിലാണ് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചത് ; ഇതിൽ ഏതെല്ലാം സ്ഥാപനങ്ങളുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ പൂർത്തീകരിച്ചു ; വ്യക്തമാക്കുമോ ; | (സി ) | റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ച സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br>(i) കേരള സോപ്പ് & ഓയിൽ ലിമിറ്റഡ്<br>(ii) ആസ്പ്രിൻ പ്രോജക്ട്<br>(iii) കെൽട്രോൺ റെക്റ്റിഫയർസ്<br><br>റവന്യൂ റിക്കവറി നടപടികൾവഴി മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ കുടിശ്ശിക അടച്ചിട്ടില്ല. എൽ.റ്റി വിഭാഗത്തിൽ കുടിശ്ശിക അടയ്ക്കാത്ത ജി.വി.രാജാ സ്പോർട്ട്സ് സ്കൂൾ, അനിമൽ ഹസ്ബൻഡറി ഡിപ്പാർട്ട്മെന്റ് ഫയർ ഫോഴ്സ് എന്നീ സർക്കാർ സ്ഥാപനങ്ങളുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ച് കെ.എസ്.ഇ.ബി.യുടെ ഭാഗത്തുനിന്നുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ആലപ്പുഴ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എൻജിനിയറുടെ ഓഫീസ്, കാർത്തികപ്പള്ളി സെക്ഷനിലെ |

| | | | |
|---|---|---|---|
| | | | നിർത്തലാക്കിയ മൂന്ന് സുനാമി പുനരധിവാസ ക്യാമ്പുകൾ എന്നീ സർക്കാർ സ്ഥാപനങ്ങളുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കല്ലിശ്ശേരി ഓഫീസ് കെട്ടിടം, ഏലൂർ, ചെങ്ങമനാട്, ശ്രീമൂലനഗരം, ആലങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകളുടെ വക കെട്ടിടങ്ങൾ, ആലുവ മുനിസിപ്പാലിറ്റി വക നാലു കെട്ടിടങ്ങൾ എന്നിവയുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ആലപ്പുഴ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡിന്റെയും പേരിലും റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി ) | ഒരു ദിവസം കഴിഞ്ഞാൽ വൈദ്യുതി ബിൽ അടയ്ക്കാത്ത ഗാർഹിക ഉപഭോക്താക്കളുടെ കണക്ഷൻ ഉടൻ തന്നെ വിച്ഛേദിക്കുമ്പോൾ കേന്ദ്ര- സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ/ പൊതു മേഖല സ്ഥാപനങ്ങൾ എന്നിവ കോടികളുടെ കുടിശ്ശിക വരുത്തുന്നതും അവരുടെ കണക്ഷൻ മാത്രം വിച്ഛേദിക്കാതിരിക്കുകയും ചെയ്യുന്ന നയം പുന:പരിശോധിച്ച് കണക്ഷൻ വിച്ഛേദിക്കുന്നതിന് ഒരേനയം പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ ; | (ഡി ) | എല്ലാ ഉപഭോക്താക്കളുടെയും കണക്ഷൻ, നിശ്ചിത തീയതിക്കുള്ളിൽ ബിൽ തുക അടച്ചിട്ടില്ല എങ്കിൽ വിച്ഛേദിക്കുക എന്നതുതന്നെയാണ് നിലവിലുള്ള നിയമം. എന്നാൽ പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യങ്ങളിൽ വൈദ്യുതി വിച്ഛേദനം മൂലം പൊതുജനങ്ങൾക്കും അതതു സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഉണ്ടാകുന്ന കഷ്ട നഷ്ടങ്ങൾ കണക്കാക്കിയും, സർക്കാരിന്റെ സാമൂഹിക പ്രതിബദ്ധതയും നയങ്ങളും കണക്കിലെടുത്തും ചില ഇളവുകൾ അനുവദിക്കാറുണ്ട് |
| ( ഇ ) | വൻകിട ഉപഭോക്താക്കളുടെ വൈദ്യുതിചാർജ്ജ് കുടിശ്ശികയുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ എത്ര കേസ്സുകൾ നിലവിലുണ്ട് ; എന്തു തുകയുടെ കുടിശ്ശികയാണ് ഇത്തരത്തിൽ ഉള്ളതെന്നറിയിക്കുമോ ; | ( ഇ ) | 307.53 കോടി രൂപയുടെ കുടിശ്ശികകൾ ആണ് വിവിധ കോടതികളിൽ 192-ൽപരം കേസുകളിലായി കെട്ടിക്കിടക്കുന്നത് |
| (എഫ് ) | കുടിശ്ശികയുമായി ബന്ധപ്പെട്ട് ഈ സർക്കാർ എന്തു തുകയുടെ സ്റ്റേ അനുവദിച്ചിട്ടുണ്ട് ; | (എഫ് ) | എച്ച്.റ്റി. വിഭാഗത്തിൽ കുടിശ്ശികയുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്റ്റേ |

| | | | |
|---|---|---|---|
| | എന്തു തുകയുടെ ഇളവുകളോ ഒഴിവാക്കലുകളോ നൽകിയിട്ടുണ്ട് ; വിശദമാക്കുമോ ? | | അനുവദിച്ചിട്ടില്ല.<br><br>എൽ.റ്റി വിഭാഗത്തിൽ കുടിശ്ശികയുമായി ബന്ധപ്പെട്ട് ഈ സർക്കാർ 50,22,784/- രൂപയുടെ സ്റ്റേ അനുവദിച്ചിട്ടുണ്ട്. കോട്ടയം സർക്കിളിലെ കൈപ്പുഴ വെച്ചൂർ കായൽ കർഷക സഹകരണ സംഘത്തിന്റെ വൈദ്യുതി കുടിശ്ശികയായ 50,22,784/- രൂപ പിരിച്ചെടുക്കുന്നതിന്, സംഘം ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WA 651/13 കേസിന്റെ അന്തിമവിധി വരുന്നതുവരെ ബഹു. കേരള സർക്കാരിന്റെ നിർദ്ദേശപ്രകാരം സ്റ്റേ അനുവദിച്ചിട്ടുണ്ട്. മറ്റ് ഇളവുകളോ ഒഴിവാക്കലുകളോ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ